# രണ്ടാം പാദവാർഷിക മൂല്യനിർണയം 2017-18
# മലയാളം
## കേരളപാഠാവലി

സ്റ്റാന്റേർഡ് IX

സമയം : 1½ മണിക്കൂർ

സ്കോർ : 40

---

**പൊതുനിർദ്ദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്.ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കാനും ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദേശങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

---

**(1 മുതൽ 3 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിനു മാത്രം ഉത്തരമെഴുതുക. 1 സ്കോർ വീതം)**

1. "വേലയ്ക്കു <u>ദീപപ്രഭ</u>യത്ര വേണം." അടിവരയിട്ട പദം വിഗ്രഹിച്ചെഴുതിയാൽ

   - ദീപവും പ്രഭയും
   - ദീപത്തിന്റെ പ്രഭ
   - ദീപമായ പ്രഭ
   - ദീപമാകുന്ന പ്രഭ

2. "അവന്റെ കത്ത് വന്നില്ലെങ്കിൽ എന്റെ വയറ്റില് തിയ്യാണ്"-അമ്മ
   "അത് അവനറിയാം. അതോണ്ടാ അവൻ നിത്യോം കത്തയ്ക്കണ്"-കമലം.
   കമലത്തിന്റെ വാക്കുകളിൽ തെളിയുന്ന ഭാവം ഏത്?

   - സ്നേഹം
   - കരുണ
   - പരിഹാസം
   - നിസ്സഹായത

3. മാതൃകപോലെ മാറ്റിയെഴുതുക.
   നിരാശ-നൈരാശ്യം
   ദീർഘം-.................. (2x1=2)

**(4 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 3 എണ്ണത്തിനു മാത്രം ഉത്തരമെഴുതുക. 2 സ്കോർ വീതം.)**

4. "ഇതിനെ നമുക്ക് വിതയുടെയും കൊയ്ത്തിന്റെയും തത്ത്വശാസ്ത്രം എന്നു വിളിക്കാം."

   -എം.എൻ. വിജയൻ

   വിത, കൊയ്ത്ത് എന്നീ പദങ്ങൾ നൽകുന്ന അർഥസൂചനകൾ വ്യക്തമാക്കുക.

5. "ദുർവിധി കുടിച്ചെന്നും മിഴിനീർ വറ്റിക്കയാൽ
നിർവികാരങ്ങളാണാക്കണ്ണുകൾ നിർജീവങ്ങൾ"
തന്നിരിക്കുന്ന വരികളിലെ കാവ്യപരമായ രണ്ടു സവിശേഷതകൾ എഴുതുക.

6. • അവർക്ക് എന്നോടുള്ള സ്നേഹത്തിന്റെ പ്രകാശം എന്നെ വല്ലാതെ സ്പർശിച്ചു.
• കുട്ടി ആ പൂവിനെ കൗതുകത്തോടെ സ്പർശിച്ചു.
അടിവരയിട്ട പ്രയോഗങ്ങൾ സന്ദർഭത്തിനു നൽകുന്ന അർഥവ്യത്യാസം കുറിക്കുക.

7. ആയിരക്കണക്കിനു മനുഷ്യരെ ഞാൻ നദി കടത്തിവിട്ടിട്ടുണ്ട്. അവർക്കെല്ലാം എന്റെ നദിയെ വെറുമൊരു മാർഗതടസ്സമായല്ലാതെ മറ്റൊന്നുമായിക്കാണാനായില്ല.
തന്നിരിക്കുന്ന വാക്യങ്ങൾ അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി എഴുതുക.

(3x2=6)

**(8 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിനു മാത്രം ഉത്തരമെഴുതുക. 4 സ്കോർ വീതം.)**

8. "കാളകൾ ചരിക്കുന്നു മന്ദമായ്; 'തെളിക്കുന്ന
കാള'യും ചലിക്കുന്നിതാവിധമെന്നും തന്നെ!"
വണ്ടിക്കാരനെ 'തെളിക്കുന്ന കാള' എന്നു വിശേഷിപ്പിച്ചതിന്റെ ഔചിത്യം വിലയിരുത്തുക.

9. "കുടുംബജീവിതത്തിലും സാമൂഹികജീവിതത്തിലും തന്നോടു ബന്ധപ്പെട്ടു മാറ്റിക്കളയാൻ വയ്യാത്ത എത്രയോ വ്യക്തികളും സംഭവങ്ങളും ഉണ്ടാകാം. അവയെപ്പറ്റി പറയാതെ ആത്മകഥ പൂർത്തിയാവുകയില്ല."

(ലളിതാംബിക അന്തർജനം)

ഈ അഭിപ്രായം 'ജീവിതം ഒരു പ്രാർഥന' എന്ന പാഠഭാഗവുമായി ബന്ധപ്പെടുത്തി കുറിപ്പ് തയാറാക്കുക.

10. "ഏതു മരവിപ്പിനെയും ഉരുക്കുന്ന, ഏതു വരണ്ട കണ്ണുകളെയും ഈറനാക്കുന്ന കൊടിയ മീനച്ചൂടിന്റെ മാധുര്യം 'മാമ്പഴ'ത്തിലുണ്ടായിരുന്നു."

എം.എൻ. വിജയൻ മാമ്പഴം എന്ന കവിതയ്ക്കു നൽകിയ ഈ വിശേഷണങ്ങൾ കവിതയുടെ ഏതെല്ലാം പ്രത്യേകതകളെയാണ് സൂചിപ്പിക്കുന്നത്? വിശേഷണങ്ങൾ വിശകലനം ചെയ്തു കുറിപ്പ് തയാറാക്കുക.

11. "ഇടയ്ക്കു കണ്ണീരുപ്പു പുരട്ടാ-
തെന്തിനു ജീവിതപലഹാരം"

-ഇടശ്ശേരി

"മാലുള്ളതാണീ മഹിയെന്നുവെച്ചു
മാഴ്കുന്നതെന്തിനു മനുഷ്യരേ! നാം?"

-ഉള്ളൂർ

തന്നിരിക്കുന്ന കവിതാഭാഗങ്ങൾ താരതമ്യം ചെയ്തു കുറിപ്പ് തയാറാക്കുക.

12. • " ഇക്കാക്ക പഞ്ഞല പൊട്ടിച്ചിരിക്കുന്നു."

• " അടികൊണ്ടിട്ടും പതറാതെ ഇക്കാക്ക നിന്നു. കണ്ണിൽ തീയുമായി. മൂത്താപ്പയുടെ കഴുത്ത് പിടിക്കാൻ ഇക്കാക്ക കൈ നീട്ടുന്നു."

(കളിപ്പാവകൾ)

തന്നിരിക്കുന്ന സൂചനകൾ വിശകലനം ചെയ്തു മൊയമ്മതാലിക്കാക്ക എന്ന കഥാപാത്രത്തിന്റെ മാനസികാവസ്ഥ വ്യക്തമാക്കുന്ന കുറിപ്പ് തയാറാക്കുക.

13. • " കലപില കൂട്ടുന്ന കുപ്പിവളകളുടെ കിലുങ്ങുന്ന സ്വരം."

• " തന്റെ കൈവെള്ള മടിയിൽ പിടിച്ചുവച്ച് ഓരോന്നിന്റെയും പേരു പറഞ്ഞിട്ട് ചൂണ്ടുവിരൽകൊണ്ട് അമർത്തി വരയ്ക്കും. നീളത്തിൽ, വട്ടത്തിൽ, വളഞ്ഞുവളഞ്ഞ്."

കാഴ്ചയില്ലാത്തവരുടെ അനുഭവലോകത്തെക്കുറിച്ച് ഈ വരികളിൽനിന്നു ലഭിക്കുന്ന സൂചനകൾ എന്തെല്ലാം? കുറിപ്പ് തയാറാക്കുക. **(5x4=20)**

**(14 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിനു മാത്രം ഉത്തരമെഴുതുക. 6 സ്കോർ വീതം)**

14. "അമ്മയ്ക്ക് എൺപത്തിമൂന്നായി. ഇന്നോ നാളെയോ_എന്ന മട്ടിലാണ് ഇപ്പോഴത്തെ സ്ഥിതി. അമ്മേ വന്നു കാണാൻ നിനക്ക് ഇത്ര [illegible] തോന്നീല്യല്ലോ? "
"അമ്മയ്ക്ക് എന്നെ ഓർമ്മയില്ലല്ലോ" [illegible] ചിരിക്കുവാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു.

- കീറിപ്പൊളിഞ്ഞ ചകലാസ്

കഥാസന്ദർഭങ്ങളും വർത്തമാനകാലസംഭവങ്ങളും പരിഗണിച്ച് 'വാർധക്യം നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ) തയാറാക്കുക.

15. • "മൊയമ്മതാലിക്കാക്കാ, നിങ്ങൾക്കു ഞാനുണ്ട്. ഞാൻ വലുതായി നിങ്ങളെ സുഖക്കേട് മാറ്റിച്ചു... "

"ഇതൊന്നും ഓന്റെ സക്തിയല്ല. മന്സന്റെ സക്തിയല്ല. പുതത്തിന്റെ സക്തിയാണ്. "

(കളിപ്പാവകൾ)

മൊയമ്മതാലിക്കാക്കയോടുള്ള അയ്മദിന്റെയും മൂത്താപ്പയുടെയും മനോഭാവങ്ങൾ താരതമ്യം ചെയ്തു കുറിപ്പ് തയാറാക്കുക.

16. • "മനസ്സിൽ നൈരാശ്യമെഴുന്നവന്നു
മധ്യാഹ്നവും പ്രത്യഹമർധരാത്രം
ശുഭം പ്രതീക്ഷിപ്പവനേതു രാവും
സൂര്യാംശുദീപ്തം പകൽപോലെതന്നെ"

• "ശാരീരികമായ അവശതകൾ ഏൽപ്പിച്ച വെല്ലുവിളികളെ ഇച്ഛാശക്തികൊണ്ടു മറികടക്കാൻ കഴിയുമെന്നതിന്റെ ഉദാത്തമാതൃകയാണ് സ്റ്റീഫൻ ഹോക്കിങ്."

തന്നിരിക്കുന്ന സൂചനകളുടെയും നിങ്ങളുടെ ജീവിതാനുഭവങ്ങളുടെയും വെളിച്ചത്തിൽ 'ശുഭാപ്തിവിശ്വാസം ജീവിതവിജയത്തിന് 'എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക. **(2x6=12)**